IV സബ്മിഷൻ

1. ദമാം എയർപോർട്ടിൽ കുടുങ്ങിയ എയർ ഇൻഡ്യ യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ദമാമിൽനിന്ന് കഴിഞ്ഞ ഞായറാഴ്ച പുറപ്പെടേണ്ടിയിരുന്ന എയർ ഇൻഡ്യയുടെ വിമാനം ഇന്നലെയാണ് ഇവിടെ എത്തിച്ചേർന്നത്. മൂന്നു രാത്രിയും നാല് പകലും എയർപോർട്ടിലും ഹോട്ടൽ മുറികളിലുമായി ഏതാണ്ട് 230-ഓളം യാത്രക്കാർക്ക് തങ്ങേണ്ടിവന്നിട്ടുണ്ട്. ഹോട്ടലിൽ അവർക്ക് ആവശ്യമായ സൗകര്യം ചെയ്തുകൊടുത്തിട്ടില്ല. ഇതിൽ പ്രതിഷേധിച്ച യാത്രക്കാരെ സൗദി പോലീസ് മർദ്ദിച്ചതായും വാർത്തകൾ വന്നിട്ടുണ്ട്. എയർ ഇൻഡ്യാ അധികൃതരുടെ അനാസ്ഥയാണ് ഇതിനെല്ലാം ഇടയാക്കിയിട്ടുള്ളത്. പിതാവിന്റെ മയ്യത്ത് കാണാനും ക്രിസ്മസ് ആഘോഷങ്ങൾക്കുമായി പുറപ്പെട്ടവരും വളരെ ചുരുങ്ങിയ ദിവസത്തിനകം മടങ്ങിപ്പോയി മറ്റ് ഡ്യൂട്ടികൾക്ക് പ്രവേശിക്കേണ്ടവരുമായ യാത്രക്കാരുണ്ടായിരുന്നു. ആ യാത്രക്കാർക്കൊന്നും യഥാസമയം ഇവിടെ എത്തിച്ചേരാൻ സാധിച്ചിട്ടില്ല. എയർ ഇൻഡ്യ പലപ്പോഴും ഇതുപോലെ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നുണ്ട്. ഒരു വിമാനത്തിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ ആ യാത്രക്കാരെ കൊണ്ടുവരാനുള്ള മറ്റൊരു അറേഞ്ച്മെന്റ് സും എയർ ഇൻഡ്യ ഉണ്ടാക്കുന്നില്ല. ഇന്നലെ ബോംബെയിൽനിന്ന് എയർ ഇൻഡ്യാ വിമാനം പോയിട്ടാണ് നാലുദിവസമായി അവിടെ കുടുങ്ങിപ്പോയ യാത്രക്കാരെ കൊച്ചിയിലെത്തിക്കാൻ സാധിച്ചിട്ടുള്ളത്. ഈ അവസ്ഥ തുടരാതിരിക്കാനും എയർ ഇൻഡ്യയുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന നിരുത്തരവാദപരമായ സമീപനങ്ങൾക്ക് അറുതി വരുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ദമാം എയർപോർട്ടിൽ കുടുങ്ങിപ്പോയ മലയാളി വിമാനയാത്രക്കാർക്ക് എയർ ഇൻഡ്യ അധികൃതരിൽനിന്നും നേരിട്ട ദുരനുഭവം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ ബോംബെയിലേയും തിരുവനന്തപുരത്തേയും എയർ ഇൻഡ്യാ അധികൃതരുമായി ടെലിഫോൺ മുഖേനയും ഫാക്സ് മുഖേനയും ബന്ധപ്പെടുകയുണ്ടായി. യാത്രക്കാർക്ക് ആവശ്യമായ അടിയന്തര സഹായം എത്തിക്കുവാനും ഇതുസംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഡൽഹിയിലുള്ള സിവിൽ ഏവിയേഷൻ ഡയറക്ടറുടേയും സൗദി അറേബ്യയിലെ ഇൻഡ്യൻ അംബാസിഡറുടേയും ശ്രദ്ധയിൽപ്പെടുത്തി ഇക്കാര്യത്തിൽ അടിയന്തര ഇടപെടൽ ഉണ്ടാക്കി യാത്രക്കാർക്ക് വേണ്ട സഹായം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ദമാമിൽ കുടുങ്ങിയ യാത്രക്കാരെ നാട്ടിലെത്തിക്കാൻ ഒരു പ്രത്യേക വിമാനം അങ്ങോട്ടേക്ക് അയയ്ക്കണമെന്ന് ബോംബെയിലെ എയർ ഇൻഡ്യാ അധികൃതരോട് ടെലഫോണിൽ ബന്ധപ്പെട്ട് ആവശ്യപ്പെട്ട തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ (22-12-2010) രാവിലെ ആറുമണിക്ക് ദമാമിൽനിന്നും ഈ യാത്രക്കാരെ വഹിച്ചുകൊണ്ടുള്ള വിമാനം

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചിയിലും പിന്നെ കോഴിക്കോട്ടും എത്തിയതായി എയർ ഇൻഡ്യാ അധികൃതർ ഇപ്പോൾ വിവരം നൽകിയിട്ടുണ്ട്. ഈ സംഭവത്തിൽ യാത്രക്കാർക്കുണ്ടായിട്ടുള്ള കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മെമ്പറുടെ നിവേദനത്തെ തുടർന്ന് സംസ്ഥാന സർക്കാർ അടിയന്തിര നടപടി എടുത്തിട്ടുണ്ട്.

2 ടെക്നോപാർക്കിന്റെ മൂന്നാംഘട്ട വികസനം

ശ്രീ. എം. എ. വാഹീദ്: സർ, വികസനപ്രവർത്തനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ ഞാൻ എല്ലാ സർക്കാരിന്റേയും കൂടെയായിരുന്നു. അതിലൊരുപാട് തിക്താനുഭവങ്ങൾ അനുഭവിച്ച ആളാണ് ഞാൻ. കഴക്കൂട്ടം ടെക്നോപാർക്കിന്റെ രണ്ടും മൂന്നും ഘട്ട വികസനത്തിന് സ്ഥലമെടുക്കുമ്പോൾ ഒരുപാട് ജനകീയ സമരങ്ങൾ നേരിട്ടയാളാണ്, അതിന് സ്ഥലമെടുപ്പിന് മുമ്പന്തിയിൽനിന്ന ആളുമാണ് ഞാൻ. അന്നത്തെ മുഖ്യമന്ത്രിയും ഇന്നത്തെ പ്രതിപക്ഷനേതാവുമായ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി അന്ന് ആറ്റിപ്ര നിവാസികൾക്ക് ഒരു ഉറപ്പ് കൊടുത്തിരുന്നു. ഇൻഫോസിസ്സിനും യു.എസ്. ടെക്നോളജിക്കും സ്ഥലമെടുത്തതിനുശേഷം -200 ഏക്കർ സ്ഥലമെടുത്തു-പിന്നെ അവിടെനിന്നും സ്ഥലമെടുക്കുകയില്ലായെന്നും പകരം മറ്റൊരു സ്ഥലം കണ്ടെത്തുന്നതാണെന്നും അന്ന് ഉറപ്പ് നൽകിയിരുന്നു. അതിന് വിപരീതമായിട്ടാണ് ഇപ്പോൾ പണ്ടെങ്ങോ നോട്ടിഫൈ ചെയ്തിരുന്ന സ്ഥലത്തിന്റെ പേരിൽ പോകാനുള്ള വഴിയോ ഇടമോയില്ലാത്ത വളരെ പിന്നോക്ക പ്രദേശമായ ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ളകുറേ സ്ഥലംകൂടി ഏറ്റെടുക്കാനുള്ള നടപടികൾ ഇപ്പോൾ നടന്നുവരികയാണ്. അവിടെ ഭൂമിയുള്ള ആളുകൾ രണ്ട് പ്രാവശ്യം കുടിയൊഴിപ്പിക്കപ്പെട്ടവരാണ്. ആദ്യം യൂണിവേഴ്സിറ്റിക്ക് സ്ഥലമെടുത്തപ്പോൾ കുഴിയൊഴിപ്പിക്കപ്പെട്ടവർ ടെക്നോപാർക്കിന്റെ സ്ഥലത്ത് താമസിച്ചിരുന്നു. ടെക്നോപാർക്കിന് സ്ഥലമെടുത്തപ്പോൾ വീണ്ടും അവരെ അവിടെനിന്ന് ഒഴിപ്പിക്കുകയാണ് ചെയ്തത്. ടെക്നോപാർക്കിന്റെ കിഴക്കുവശത്തുള്ള മലഞ്ചരിവിൽ താമസിക്കുന്നവർ ഇനി അഞ്ചും പത്തും സെന്റ് സ്ഥലങ്ങളിലായി വീട് വച്ച് താമസിക്കാൻവേണ്ടി കിടക്കുന്നവരാണ് അവിടെ റോഡൊന്നും ഇല്ലാത്തതുകൊണ്ട് കേവലം പതിനായിരവും പതിനയ്യായിരവും ഇരുപത്തയ്യായിരവും രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ആ പണം ഉപയോഗിച്ച് ഇവർക്ക് പുതിയ വസ്തു വാങ്ങി താമസിക്കാൻ കഴിയാത്തൊരു സ്ഥിതിവിശേഷമുണ്ട്. ഇതെല്ലാംകൂടി കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെക്നോസിറ്റിയെന്നുള്ള ഒരു ആശയം ഉണ്ടാകുകയും എന്റെ സ്വന്തം പഞ്ചായത്തായ അണ്ടൂർക്കോണം പഞ്ചായത്തിലെ പള്ളിപ്പുറത്ത് 506 ഏക്കർ സ്ഥലമേറ്റെടുക്കുകയും ചെയ്തത്. അതിൽ 80 ഏക്കർ സ്ഥലം മാത്രമാണ് കൈമാറിയിട്ടുള്ളത്. ബാക്കിയുള്ള സ്ഥലം വെറുതെ കിടക്കുകയാണ്. ഇവിടെ വരാൻ പോകുന്ന കമ്പനികൾക്ക് വേണമെങ്കിൽ അവിടെ സ്ഥലം കൊടുക്കാൻ കഴിയും. പക്ഷേ അതിനേക്കാൾ വില കുറച്ച് ഈ സ്ഥലം കിട്ടുമെന്നുള്ളതുകൊണ്ടും ഈ സ്ഥലം മൊത്തത്തിലെടുത്ത് വലിയ റോഡുണ്ടാക്കി ചില സ്വകാര്യകമ്പനികളുടെ ഹോട്ടലുകളും അമ്യൂസ്മെന്റ് പാർക്കുകൾ പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly